(ബി) കൽപ്പറ്റ മണ്ഡലത്തിൽ ഇനിയും സാങ്കേതികാനുമതി ലഭിക്കാനുള്ള റോഡുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത റോഡുകൾ എന്നേക്ക് പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കല്പറ്റ മണ്ഡലത്തിൽ കഴിഞ്ഞവർഷം ഭരണാനുമതി ലഭിച്ച നിരത്തുവിഭാഗത്തിനുകീഴിലുള്ള റോഡുകളുടെ വിശദവിവരം അനുബന്ധം 1-ൽ ചേർക്കുന്നു.* ദേശീയപാതാ വിഭാഗത്തിൽ കല്പറ്റ മണ്ഡലത്തിൽ കഴിഞ്ഞ വർഷം ഒരു പ്രവൃത്തിക്കും ഭരണാനുമതി നൽകിയിട്ടില്ല.

(ബി) കോട്ടത്തറ ഗ്രാമപഞ്ചായത്തിലെ കാരക്കുന്ന്-കുറുമ്പാലക്കോട്ട-കല്ലങ്കോട് റോഡിൽ കി.മീ.0/000 മുതൽ 3/200 വരെ അഭിവൃദ്ധിപ്പെടുത്തൽ-250 ലക്ഷം

(സി) വിശദവിവരം അനുബന്ധം II-ൽ ചേർക്കുന്നു.*

## ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലുൾപ്പെട്ട പൊതുമരാമത്ത് റോഡുകൾ

241 (4577) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലുൾപ്പെട്ട പൊതുമരാമത്ത് റോഡുകൾ ശോചനീയാവസ്ഥയിലാണ് എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ ; എങ്കിൽ ഇതുപരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ ;

(ബി) വാണിയംകുളം-കയിലിയാട് റോഡ്, കോതക്കുറിശ്ശി-വാണിയംകുളം റോഡ്, ചെർപ്പുളശ്ശേരി-ഒറ്റപ്പാലം റോഡ്, ചെർപ്പുളശ്ശേരി-പട്ടാമ്പി റോഡ് തുടങ്ങിയ റോഡുകളെ വീതികൂട്ടി റബ്ബറൈസ് ചെയ്യാൻ എന്തുനടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ;

(സി) സ്റ്റേറ്റ് ഹൈവേ ആയി അംഗീകരിക്കപ്പെട്ടിട്ടുള്ള പാലക്കാട്-പെരിന്തൽമണ്ണ റോഡ് നാളിതുവരെ വീതികൂട്ടി റബ്ബറൈസ് ചെയ്തിട്ടില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ ; എങ്കിൽ വീതികൂട്ടി റബ്ബറൈസ് ചെയ്യുവാൻ എന്തുനടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശോചനീയാവസ്ഥയിലായ റോഡുകൾ ബി.എം.& ബി.സി. ചെയ്യുവാനുള്ള നടപടികൾ ചെയ്തുവരുന്നു.

(ബി) പരാമർശിത റോഡുകൾ വീതികൂട്ടി റബ്ബറൈസ് ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ആയത് പരിശോധിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

Page 2 of 2

(സി) ഉണ്ട്. പാലക്കാട്-പെരിന്തൽമണ്ണ സ്റ്റേറ്റ് ഹൈവേ വീതികൂട്ടി റബ്ബറൈസ് ചെയ്യുവാനുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. എസ്റ്റിമേറ്റ് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

## ആസ്തിവികസനഫണ്ട് പദ്ധതിയിലുൾപ്പെടുത്തി റാന്നി മണ്ഡലത്തിലെ റോഡുകൾ പുനരുദ്ധരിക്കുന്നതിന് നടപടി

242 (4578) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തിവികസനഫണ്ട് പദ്ധതിയിലുൾപ്പെടുത്തി റാന്നി മണ്ഡലത്തിൽ എത്ര റോഡുകൾ പുനരുദ്ധരിക്കുന്നതിനാണ് പത്തനംതിട്ട ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ (റോഡുകളും പാലങ്ങളും) മുഖേന എസ്റ്റിമേറ്റുകൾ സമർപ്പിച്ചിട്ടുള്ളതെന്നും അവ ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ബി) എത്ര റോഡുകൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കിയെന്ന് വ്യക്തമാക്കുമോ ; ഇതിൽ നിർമ്മാണം പൂർത്തിയാക്കിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ ;

(സി) 2013 നവംബറിനുശേഷം എത്ര പ്രവൃത്തികളുടെ എസ്റ്റിമേറ്റുകളാണ് ഭരണാനുമതിക്കായി പത്തനംതിട്ടയിൽനിന്നും സൂപ്രണ്ടിംഗ് എഞ്ചിനീയർ (സൗത്ത് സർക്കിൾ) വഴി ചീഫ് എഞ്ചിനീയർക്ക് അയച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; പ്രവൃത്തികളുടെ പേര്, എസ്റ്റിമേറ്റ് തുക, ഫയൽ നമ്പർ ഓരോ ഓഫീസിൽനിന്നും മേലാഫീസിലേക്ക് അയച്ച തീയതി എന്നിവസഹിതം വ്യക്തമാക്കാമോ ;

(ഡി) ഈ എസ്റ്റിമേറ്റുകൾ ചീഫ് എഞ്ചിനീയറുടെ ആഫീസിൽ എന്നാണ് ലഭിച്ചതെന്നും ഇതിൻമേൽ എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളതെന്നും വിശദാംശങ്ങൾ സഹിതം ലഭ്യമാക്കുമോ ?

### ഉത്തരം

(എ) ആസ്തിവികസന പദ്ധതിയിലുൾപ്പെടുത്തി റാന്നി മണ്ഡലത്തിൽ 10 റോഡുകൾ പുനരുദ്ധരിക്കുന്നതിന് എസ്റ്റിമേറ്റ് സമർപ്പിച്ചു. പ്രസ്തുത റോഡുകളുടെ വിശദാംശം അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.*

(ബി) 10 റോഡുകൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി. വിശദവിവരം അനുബന്ധം-I ആയി ചേർക്കുന്നു.* 6 പ്രവൃത്തികളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

(സി) 2013 നവംബറിനുശേഷം 5 പ്രവൃത്തികൾക്കായി ഭരണാനുമതി സമർപ്പിച്ചു. വിശദവിവരം അനുബന്ധം-II ആയി ചേർക്കുന്നു.*

(ഡി) തീയതി സംബന്ധിച്ച വിശദാംശം അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു.* അനുബന്ധം 2-ൽ ക്രമനമ്പർ 1 മുതൽ 5 വരെയുള്ള പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പഞ്ചായത്ത് റോഡുകൾ ആയതിനാൽ തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly